# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമ്മൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 4/992/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 14/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമ്മൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 4/992/2022 തീയ്യതി: 14/06/2022

## കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-03-2021 മുതൽ 04-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 06-06-2022 | 10-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 10-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഫ്സൽ ടി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ ടി രാജൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| റീത്ത വി കെ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. ഉദയഭാനു.എം.പി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജീവൻ.പി.പി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. സുവീഷ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. സിന്ധു.സി.എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. രമേശൻ.കെ.പി | മെഡിക്കൽ ഓഫീസർ (ആയുർ) | 01-04-2020 | 31-03-2021 |
| ഡോ. അഭയദേവ്.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. മുസ്തഫ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. സൗമ്യ ശേഖർ | കൃഷി ഓഫീസർ | 01-04-2020 | 23-11-2020 |
| ശ്രീമതി ആർദ്ര എസ് രഘുനാഥ് | കൃഷി ഓഫീസർ | 24-11-2020 | 31-03-2021 |
| ശ്രീമതി. ദീപ.ഒ.പി | വി.ഇ.ഒ | 01-04-2020 | 26-10-2020 |
| ശ്രീ ശ്രീജേഷ് | വി.ഇ.ഒ | 27-10-2020 | 31-03-2021 |
| ശ്രീമതി രമ കെ എൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 09-10-2020 |
| ശ്രീമതി ക്ലാര വി ജെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-10-2020 | 31-03-2021 |
| പ്രകാശൻ കെ | ഹെഡ്മാസ്റ്റർ(ഇൻചാർജ്) | 01-05-2020 | 05-07-2020 |
| രജനി പി | ഹെഡ്മാസ്റ്റർ | 06-07-2020 | 08-11-2020 |
| പ്രകാശൻ കെ | ഹെഡ്മാസ്റ്റർ(ഇൻചാർജ്) | 09-11-2020 | 27-11-2020 |
| പ്രകാശൻ കെ | ഹെഡ്മാസ്റ്റർ | 27-11-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-5 |
| 8 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNREGS) അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Afsal T.M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-8 |
| 11 | പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി. & ഒ. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-9 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-10 |
| 13 | പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-11 |
| 14 | പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയുള്ള പെയിംന്റിംഗ് ഇനം - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-12 |
| 15 | പ്രവൃത്തി പൂർത്തീകരണ ശേഷം വിഭവ സ്രോതസ്സ് മാറ്റി - തുക ആദ്യ സ്രോതസ്സിൽ നിന്നും നൽകി<br>Written By: Jisha Samuel (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-13 |
| 16 | തൻവർഷ പദ്ധതി ചെലവ് തുച്ഛം - മൂന്നിൽ രണ്ട് ചെലവും സ്പിൽ ഓവർ | 1-14 |

| | | |
|---|---|---|
| | പദ്ധതികൾക്ക്<br>Written By: Jisha Samuel (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | |
| 17 | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-15 |
| 18 | ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ ഫയൽ ചെയ്തതിൽ സംഭവിച്ച അപാകതകൾ - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു.<br>Written By: Afsal T.M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-16 |
| 19 | ഇൻഷുറൻസ് പരിരക്ഷയില്ലാതെ വാഹനം റോഡിൽ ഓടിച്ചു.<br>Written By: E.V Hari (Audit Officer, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-17 |
| 20 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല.<br>Written By: E.V Hari (Audit Officer, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-18 |
| 21 | റോഡ് റേസ്റ്റോറേഷൻ ചാർജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വലിയ തുക ലഭിക്കാൻ അവശേഷിക്കുന്നു.<br>Written By: Afsal T.M (Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-19 |
| 22 | രോഗകീടം ബാധിച്ച തെങ്ങ് വെട്ടി മാറ്റൽ - പദ്ധതി പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിയില്ല.<br>Written By: E.V Hari (Audit Officer, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-20 |
| 23 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടവാക്കൽ - അടക്കുന്ന തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല<br>Written By: E.V Hari (Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-21 |
| 24 | പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-22 |
| 25 | എൽ. ഇ.ഡി തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-23 |
| 26 | ടൗണുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-24 |
| 27 | പെയിൻ ആൻഡ് പാലിയേറ്റീവ് - മാനേജ്മെന്റ് കമ്മറ്റി യോഗങ്ങൾ ചേരുന്നില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-25 |
| 28 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-26 |
| 29 | പദ്ധതി രൂപീകരണ നിർവ്വഹണം മോണിറ്ററിംഗ് - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-27 |

| | | |
|---|---|---|
| 30 | തുടർസാക്ഷരത – പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-28 |
| 31 | ഐ.കെ.എം വിഹിതം നൽകൽ - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 3-1 |
| 2 | പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 10-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 06-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 06-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: E.V Hari (Audit Officer, On 11-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 08-06-2022)<br>Last Updated By: Vasudevan M (Deputy Director, On 14-06-2022) | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരമാനം - എസ്റ്റിമേറ്റ് തുക ക്രമാതീതം

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്ക പ്രകാരം വരവ് |
|---|---|---|
| 110-നികുതി വരവ് | 90,00,000 | 66,20,097 |
| 130-നികുതിയിതര വരവുകൾ | 16,05,000 | 12,84,101 |
| 150-സെയിൽ & ഹയർ ചാർജ്ജസ് | 75,000 | 2,45,200 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല. തുടർ വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുമ്പോൾ അപാകതകൾ പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 28-05-2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. കനറാ ബാങ്ക് - MNREGS (450610102) ന്റെ 31-03-2021 ലെ 'Closing Bank Balance As Per Bank Statement - ബാങ്ക് റികൺസീലിയേഷൻ പത്രികയിൽ 93,240/- രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 97,240/- രൂപയാണ്. ഇവ തമ്മിൽ 4,000/- രൂപയുടെ വ്യത്യാസം കാണുന്നു.

2. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ 4,05,112/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. ഈ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B - 4 പ്രകാരം സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്,

ജില്ലാ പഞ്ചായത്ത് വിഹിതം 4,05,112/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. എന്നാൽ B-17 പ്രകാരം ട്രഷറി ജോയിന്റ് വെഞ്ച്വർ എകൗണ്ടിൽ 1,94,539/- രൂപ മാത്രമാണുള്ളത്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B - 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ - ചട്ടം 79, KFC Volume 1 Article - 282 എന്നിവ പ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

5. തൻ വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് I - 6 പ്രകാരം നെഗറ്റീവ് സംഖ്യയായാണ് കാണിച്ചിട്ടുള്ളത്. ഇത് മൂലം തൻ വർഷത്തെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ആകെ വരവായി കാണിച്ച തുക തെറ്റാണ്. അതെ പൊലെ 1-14 (എ) യിൽ Total Poverty Alleviation Programme ന്റെ ചെലവ് നെഗറ്റീവ് സംഖ്യയായാണ് കാണിച്ചിരിക്കുന്നത്. ഇത് മൂലം തൻവർഷത്തെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ആകെ ചെലവായി കാണിച്ച തുകയും തെറ്റാണ്.

6. ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല. ഇത് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം നാദാപുരം സഹകരണ ആശുപത്രി ഷെയർ ആയി 25,000/- രൂപയുടെ നിക്ഷേപമുണ്ട്. ഇത് തെളിയിക്കുന്നതിനുള്ള, ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8. അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 54,83,480 |
| വരവ് | 7,19,54,301 |
| ആകെ | 7,74,37,781 |
| ചെലവ് | 6,89,65,063 |
| നീക്കിയിരിപ്പ് | 84,72,718 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | | 0 | 7935726 | 7935726 | 7243232 | 692494 | 91.3 % ചെലവഴിച്ചു |
| വികസന ഫണ്ട് (എസ്. സി.പി.) | | 0 | 930373 | 930373 | 930372 | 1 | 100 % ചെലവഴിച്ചു |
| മെയിന്റനൻസ് (റോഡ്) | | 0 | 7648000 | 7648000 | 7648000 | 0 | 100 % ചെലവഴിച്ചു |
| മെയിന്റനൻസ് (നോൺ റോഡ്) | | 0 | 3456681 | 3456681 | 3456681 | 0 | 100 % ചെലവഴിച്ചു |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 0 | 9801001 | 9801001 | 6283186 | 3517815 | 64.1 % ചെലവഴിച്ചു |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 3810000 | 3810000 | 3810000 | 0 | 100 % ചെലവഴിച്ചു |
| ഐ.സി.ഡി.എസ്. | | 3468 | 605927 | 609395 | 222679 | 386716 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 201463 | 1541911 | 1743374 | 135408 | 1607966 | |
| ഐ സി ഡി എസ് | | 3468 | 605927 | 609395 | 222679 | 386716 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 292602 | 1745064 | 2037666 | 1811680 | 225986 | |
| | ബ്ലോക്ക് പഞ്ചായത്ത് | 325106 | 1086805 | 1411911 | 1232785 | 179126 | |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി

പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 21899253 | 94455575 |
| വികസനഫണ്ട് (എസ്.സി.പി) | 4596860 | 1145000 |

അപാകതകൾ ഐ. കെ. എം. മായി ബന്ധപ്പെട്ട് പരിഹരിക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

എ)

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രോജക്ടുകൾ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 151 | 63353227 | 141 | 10 | 42878617 | 67.7 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 151 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 141 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 63353227/- രൂപ വകയിരുത്തിയതിൽ 42878617/- രൂപ മാത്രമേ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

ബി). വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7935726 | 7243232 | 692494 | 91.3 |
| വികസന ഫണ്ട് (എസ്.സി പി) | 930373 | 930372 | 1 | 100 |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 9801001 | 6283186 | 3517815 | 64.1 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 3810000 | 3810000 | 0 | 100 |

| | | | | |
|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 7648000 | 7648000 | 0 | 100 |
| മെയിന്റനൻസ്, നോൺ – റോഡ് | 3456681 | 3456681 | 0 | 100 |
| ആകെ | 33581781 | 29371471 | 4210310 | 87.5 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ വാർഷിക പദ്ധതിയ്ക്കായി സർക്കാരിൽ നിന്നും ലഭ്യമായ 33581781 രൂപയിൽ 29371471/- രൂപ (87.5%) പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞു. 4210310/- രൂപ സാമ്പത്തിക വർഷത്തിൽ ചെലഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിൽ 3517815/- രൂപ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ഇനത്തിൽ പെട്ടതാണെന്ന കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. മറ്റ് ഫണ്ടുകളുടെ കാര്യത്തിൽ മികച്ച രീതിയിൽ ഫണ്ട് വിനിയോഗം നടത്തിയിട്ടുണ്ട്.

ശുചിത്വം, ഖരമാലിന്യ സംസ്കരണം, കുടിവെള്ള പദ്ധതികൾ, ജല സംരക്ഷണ പദ്ധതികൾ തുടങ്ങി വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) പൂർണമായും വിനിയോഗിക്കാൻ സാധിച്ചുവെന്നത് ശ്രദ്ധേയമാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNREGS) അവലോകനം

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 3653 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 4210 |
| 100 ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ | 683 |
| 2020-21 സാമ്പത്തിക വർഷത്തെ അകെ ചെലവ് | 45477139/- |

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| വിദഗ്ധ വേതനം | 1039184 |
| അവിദഗ്ധ വേതനം | 38170124 |
| മെറ്റീരിയൽ തുക | 4371559 |
| ഭരണ ചെലവ് | 1896276 |

| ഇനം | മുന്നിരിപ്പ് | വരവ് | അകെ | ചെലവ് |
|---|---|---|---|---|
| ഭരണ ചെലവുകൾ | 22791 | 1961725 | 1984516 | 1896276 |

| | | | | |
|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 43580867 | -- | 43580867 |

2020-21 വർഷം ഭരണച്ചെലവ് ഇനത്തിൽ തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുക

| | |
|---|---|
| ഓപ്പണിംഗ് ബാലൻസ് | 594016/- |
| 2020-21 വർഷം അനുവദിച്ചത് | 1415923/- |
| ആകെ | 2009939/- |
| റീക്കുപ്പ് ചെയ്തത് | 1093204/- |
| ബാലൻസ് | 916735/- |

ഭരണസമിതിയുടെ 26.12.2019 തീയതിലെ 4(1) തീരുമാനപ്രകാരം ആകെ 346 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻ വർഷം 272 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 1 |
| കിണർ | 7 |
| തൊഴുത്ത് | 7 |
| ടോയ് ലറ്റ് | 1 |
| കോഴിക്കൂട് | 4 |
| വൃക്ഷത്തൈ നടൽ | 9 |
| മണ്ണ് ജല സംരക്ഷണം | 123 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 88 |
| അസോള ടാങ്ക് | 1 |
| സോക്ക് പിറ്റ് | 13 |
| കിണർ റീചാർജ്ജിങ് | 2 |
| മത്സ്യക്കുളം | 6 |
| ആട്ടിൻ കൂട് | 3 |
| കനാൽ പുനരുദ്ധാരണം | 7 |
| ആകെ | 272 |

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ

മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് സെക്രട്ടറി, കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ (സി. എച്ച്. സി), വെറ്ററിനറി സർജൻ എന്നിവരുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പെൻഷനുകൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല. ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ച് കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ ഫയൽ ചെയ്യുന്നതിൽ സംഭവിച്ച അപാകതകൾ മൂലം വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു. ഗ്രാമ പഞ്ചായത്ത് വാഹനമായ KL – 18 – L – 1 ബോലറോ ജീപ്പിന്റെ ഇൻഷുറൻസ് യഥാസമയം പുതുക്കിയിട്ടില്ല. ഈ വാഹനത്തിന് ഇൻഷുറൻസ് പരിരക്ഷ ഇല്ലാതിരുന്ന ദിവസങ്ങളിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടും സെക്രട്ടറിയും ഈ വാഹനം ഉപയോഗിച്ചിട്ടുണ്ട്. വാഹനത്തിന് ഇൻഷുറൻസ് പരിരക്ഷ ഇല്ലാതെ ഓടിക്കുക വഴി വല്ല അപകടവും സംഭവിച്ചിരുന്നുവെങ്കിൽ ആയവക്ക് ക്ലെയിം ലഭിക്കില്ലായിരുന്നു.
അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.06.2022 – ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 96,930/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി. & ഒ. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

കുന്നമ്മൽ ഗ്രാമ പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ വാടകക്ക് എടുത്ത 39 വാടകക്കാരിൽ 15 പേർ മാത്രമാണ് 2020-21 കാലയളവിൽ ഡി. & ഒ. ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത്. വാടകക്ക് എടുത്തവരിൽ ഭൂരിഭാഗവും വാടക കരാറിന്റെ പിൻബലത്തിലാണ് ബിസിനസ് നടത്തിപ്പോരുന്നത്. ഡി. & ഒ. ലൈസൻസ് പുതുക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് |
|---|---|---|
| 1. | 6/616 | ഷിജിന, മൊകേരി |
| 2. | 6/589 | എ. ആർ. നിജീഷ് |
| 3. | 9/773 | സുമില കെ. എൻ. |
| 4. | 9/770 | അബ്ദുൽ ഖാദർ കെ. കെ. |
| 5. | 11/828 | സെക്രട്ടറി കക്കട്ടിൽ കോ.ഓപ്പറേറ്റീവ് ബാങ്ക് |

| | | |
|---|---|---|
| 6. | 11/829 | അബ്ദുൽ ഗഫൂർ ടി. ടി |
| 7. | 11/831 | വിജയൻ സി. പി. |
| 8. | 11/834 | സെക്രട്ടറി കക്കട്ടിൽ കോ.ഓപ്പറേറ്റീവ് ബാങ്ക് |
| 9. | 11/835 | സെക്രട്ടറി കക്കട്ടിൽ കോ.ഓപ്പറേറ്റീവ് ബാങ്ക് |
| 10 | 11/836 | സെക്രട്ടറി കക്കട്ടിൽ കോ.ഓപ്പറേറ്റീവ് ബാങ്ക് |
| 11. | 11/837 | സുരേന്ദ്രൻ ചീളിൽ |
| 12. | 11/839 | വിജയൻ സീ.പീ. |
| 13. | 11/843 | വിനോദൻ കെ.കെ. |
| 14. | 11/844 | വിനോദൻ കെ.കെ. |
| 15 | 11/845 | മാമു S/o ഇബ്രായി |
| 16. | 11/849 | രാഖി ചന്ദ്രൻ |
| 17. | 11/842 | കെ.ടി.കെ ഭാസ്കരൻ |
| 18. | 11/851 | കെ. നാണു. |
| 19. | 11/852 | കെ. നാണു |
| 20. | 11/853 | കെ. നാണു |
| 21. | 11/ 856 | പ്രണവ് വി. |
| 22. | 11/847 | സുരേന്ദ്രൻ ചീളിൽ |
| 23. | 11/848 | ദാസൻ എടത്തിൽ |
| 24. | 9/772 | ബീന W/o മാണിക്യം |

കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5, 11 എന്നിവയിൽ ലൈസൻസിനുള്ള അപേക്ഷ, ലൈസൻസ് പുതുക്കൽ എന്നിവ സംബന്ധിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ട പ്രകാരമുള്ള യാതൊരു പരിശോധനയും സ്ഥാപനത്തിലില്ലാത്തത് കൊണ്ടാണ് ഇത്തരത്തിൽ വീഴ്ചയുണ്ടായിരിക്കുന്നത്. ഡി.ആന്റ് ഒ. ലൈസൻസ് എടുക്കുന്നതിൽ വീഴ്ച വരുത്തിയവരിൽ നിന്നും നാളിതുവരെയുള്ള ലൈസൻസ് ഫീ പിഴയടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 ഒന്നാം/രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | കരുണ പോളി ക്ലിനിക് | 1&2 അർദ്ധ വർഷം |
| 2 | മൈക്രോ ഡയനോഗ്സ്റ്റിക്സ് കക്കട്ടിൽ | 1&2 അർദ്ധ വർഷം |
| 3 | വേദ മിനി ആര്യവൈദ്യശാല | 1&2 അർദ്ധ വർഷം |
| 4 | കക്കട്ടിൽ ഡെന്റൽ ക്ലിനിക് | 1&2 അർദ്ധ വർഷം |
| 5 | അശ്വതി ക്ലിനിക് | 1&2 അർദ്ധ വർഷം |
| 6 | ഐ.ബി.പി. ഓട്ടോ സർവ്വീസ് കക്കട്ടിൽ | 1 &2 അർദ്ധ വർഷം |
| 7 | സൂര്യ സർവീസ് സെന്റർ | 1 &2 അർദ്ധ വർഷം |
| 8 | രംഗവേലി ഫാഷൻസ് | 1&2 അർദ്ധ വർഷം |
| 9 | ഹൈടെക് പബ്ലിക് സ്കൂൾ | 1 &2 അർദ്ധ വർഷം |
| 10 | വേഗ ടെക്സ്റ്റൈൽസ് | 1 &2 അർദ്ധ വർഷം |
| 11 | നന്മ പെട്രോളിയം | 1&2 അർദ്ധ വർഷം |
| 12 | ക്ലാസിക് കൺസ്ട്രക്ഷൻ | 1&2 അർദ്ധ വർഷം |
| 13. | വ്യാസ വിദ്യാപീഠം | 1&2 അർദ്ധ വർഷം |
| 14 | മുറിച്ചാണ്ടി ഹാർഡ് വെയർ | 1&2 അർദ്ധ വർഷം |
| 15 | ദിൽന ട്രേഡേഴ്സ് | 1&2 അർദ്ധ വർഷം |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4, 6 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിക്കോ അല്ലെങ്കിൽ വ്യക്തിക്കോ വ്യക്തികൾക്കോ ആഫീസോ ജോലി സ്ഥലമോ ഉണ്ടെങ്കിൽ അങ്ങിനെയുള്ള കമ്പനി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. വാർഷിക വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് അത്തരം സ്ഥാപനങ്ങളുടേയോ കമ്പനികളുടേയോ നികുതി നിശ്ചയിക്കേണ്ടത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നകുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2018-19, 2019-20 വർഷങ്ങളിൽ വിഭാവനം ചെയ്ത താഴെ ചേർക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടും ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയില്ല.

| പ്രോജക്ട് നമ്പർ/പേര് | ഏറ്റെടുത്ത അടങ്കൽ തുക/ കരാറുകാരൻ | കരാർ നം./തിയ്യതി | പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തീകരണ തിയ്യതി | ഈടാക്കേണ്ട പിഴ @3% |
|---|---|---|---|---|---|
| കുളക്കണ്ടി ഫുട്ട്പാത്ത് നിർമ്മാണം, 159/21 | 2,40,000/- വി.പി.ശങ്കരൻ | 27/19-20 /14.11.19 | 6 മാസം | 16.2.21 | 7,200 |
| പാറപ്പൊയിൽ കുടിവെള്ള പദ്ധതി കിണർ നിർമ്മാണം, 139/21 | 1,20,000/- ഫൈസൽ. ടി.പി. | 50/18-19 /22.2.19 | 6 മാസം | 20.3.20 | 3,600 |
| മിനിസ്റ്റേഡിയം ചുറ്റമതിൽ അറ്റകുറ്റപണി, 138/21 | 2,60,000/- ULCCS | 41/18-19 /22.12.18 | 5 മാസം | 20.2.20 | 7,800 |
| ആകെ | | | | | 18,600 |

മുൻവർഷത്തിൽ നിന്ന് സ്പിൽ ഓവർ പ്രവൃത്തികളായി ഉൾപ്പെട്ടവ (ഭേദഗതിയില്ലാത്തവ) അടുത്ത വർഷാരംഭം മുതൽ തന്നെ പ്രവൃത്തി ആരംഭിക്കാമെന്നിരിക്കെ കാലതാമസം വരുത്തിയതെന്തു കൊണ്ടാണെന്ന് വ്യക്തമല്ല.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ല്യ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ എ. ഇ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. എന്നാൽ

മേൽ പദ്ധതിയുടെ പൂർത്തീകരണ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. മേൽ പദ്ധതികളുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം പരമാവധി മൂന്നു മാസം (അവസാനത്തേതിന് രണ്ടര മാസം) വരെ നീട്ടി നൽകാവുന്നതായിരുന്നു. എന്നാൽ ഈ കാലാവധിയും കഴിഞ്ഞാണ് പ്രവൃത്തി ആരംഭിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്ള്യൂ. ഡി. മാന്വവലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരിൽ നിന്നും 18,600/- രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണോദ്യോഗസ്ഥനോ ശ്രദ്ധിക്കുകയോ ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാതിരുന്നത് വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പിഴ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : വി. കെ. കൃഷ്ണമേനോൻ ലൈബ്രറി അറ്റകുറ്റപണി, 121/21

അടങ്കൽ : 2,96,837/-

ചെലവ് : 2,96,837/- (ബിൽ നം. 1/20-21/11.5.20)

വി. കെ. കൃഷ്ണമേനോൻ ലൈബ്രറിയുടെ ഒന്നാം നിലയിലേയ്ക്ക് ആർ.സി.സി. കോണി നിർമ്മിക്കുന്നതിനും, ആയതിന്റെ ഫിനിഷിംഗ് പ്രവൃത്തികളും, കേടായ ജി. ഐ. ഷീറ്റ് മാറ്റി സ്ഥാപിക്കുക, താഴെ നിലയുടെ ഫ്ലോറിംഗ് എന്നിവയ്ക്കായാണ് പദ്ധതി രൂപീകരിച്ചത്. എന്നാൽ ആർ.സി.സി. സ്റ്റെയർ പണിയാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് സെപ്റ്റിക് ടാങ്ക് ഉള്ളതിനാൽ ആർ.സി.സി.യ്ക്ക് പകരം സ്റ്റീൽ സ്റ്റെയർ നിർമ്മിക്കാൻ തീരുമാനിക്കുകയും, എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തുകയും ചെയ്തു.

ആദ്യ എസ്റ്റിമേറ്റിൽ പുതുതായി പണിയുന്ന കോണിയുടെ പെയിന്റിംഗിനായി DAR ലെ ഐറ്റം 13.60.1 ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ആർ.സി.സി. സ്റ്റെയർ ഒഴിവാക്കിയപ്പോൾ ആയത് വേണ്ടി വന്നില്ല. പക്ഷേ അളവു പുസ്തക പ്രകാരം 429.84 $M^2$ അളവിൽ ഈയിനം പ്രവൃത്തി നടന്നിട്ടുണ്ട്. ആയത് നിലവിലുള്ള കെട്ടിടത്തിന്റെ പെയിന്റിംഗിനാണ് ഉപയോഗപ്പെടുത്തിയതെന്ന് അളവുകളിൽ നിന്ന് വ്യക്തമാകുന്നു. നിലവിലെ കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തിയ്ക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി പെയിന്റിംഗ് നടത്തിയതിനാൽ അധിക തുക ചെലവഴിക്കുന്ന അവസ്ഥയുണ്ടായി. പഴയ കെട്ടിടത്തിന്റെ പെയിംന്റിംഗിനായി ഉപയോഗപ്പെടുത്താവുന്ന ഐറ്റം 14.53.1. ഉൾപ്പെടുത്തിയിരുന്നെങ്കിൽ 16,699/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഐറ്റം 13.60.1 പ്രകാരം ചെലവായ തുക | ഐറ്റം 14.53.1. ഉൾപ്പെടുത്തിയിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക | അധികം ചെലവായ തുക |
|---|---|---|

| | | |
|---|---|---|
| 429.84 M2 X @112.34 = 48,288.23 | 429.84 M2 X @73.49 = 31,588.94 | 16,699/- |

വിഭാവനം ചെയ്ത ആദ്യ പ്രവൃത്തിയിൽ നിന്നും മാറ്റം വേണ്ടി വന്നപ്പോൾ നിലവിലെ കെട്ടിടത്തിന് പെയിന്റിംഗ് ചെയ്യുന്നതിന്റെ വിശദാംശങ്ങളൊന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിച്ചിട്ടില്ല. മേൽ ഇനം ഉപയോഗിച്ച് പെയിന്റിംഗ് നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. മാറ്റി സ്ഥാപിച്ച പഴയ ജി. ഐ. ഷീറ്റുകൾ ഉപയോഗക്ഷമമല്ലയെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ പിന്നീട് ലേലം ചെയ്ത് ഒഴിവാക്കിയോയെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തെറ്റായ ഇനം ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധിക ചെലവ് 16,699/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 പ്രവൃത്തി പൂർത്തീകരണ ശേഷം വിഭവ സ്രോതസ്സ് മാറ്റി - തുക ആദ്യ സ്രോതസ്സിൽ നിന്നും നൽകി

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : ആനോറ പൊതുകിണർ റിപ്പയർ, 167/21

അടങ്കൽ : 1,49,965/-

2019-20 വർഷത്തിൽ 1,50,000/- രൂപ തനതു ഫണ്ട് അടങ്കലിൽ തയ്യാറാക്കിയതാണ് ഈ പദ്ധതി. സ്പിൽ ഓവർ പദ്ധതിയായി 2020-21 ലേയ്ക്ക് ഉൾപ്പെട്ട ഈ പ്രോജക്ടിലെ പ്രവൃത്തികൾ അളവു പുസ്തക പ്രകാരം 4.2.21 ന് പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. എന്നാൽ 12.2.2021 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഈ പദ്ധതിയുടെ ഫണ്ടിനം തനതുഫണ്ടെന്നത് സംരക്ഷണ ഗ്രാന്റ് റോഡിതരമായി മാറ്റാൻ തീരുമാനിക്കുകയും ഭരണസമിതിയിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു. 4.3.2021 ന് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥൻ വെറ്റിംഗ് നടത്തി സാമ്പത്തിക വർഷാവസാനത്തിൽ ഭേദഗതി നടത്തി. ഇതിനിടയിൽ ഈ പ്രവർത്തിയുടെ തുക തനതു ഫണ്ടിൽ നിന്നും കരാറുകാരന് നൽകി (വൗ. നം. 22000892,893/25.2.2021). ഐ.കെ.എം. ചെലവു പത്രികയിൽ സംരക്ഷണഗ്രാന്റ് റോഡിതരം വകയിരുത്തിയ പദ്ധതിയ്ക്ക് തനതു ഫണ്ട് ചെലവഴിച്ചു എന്നുള്ളത് വ്യക്തമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് (കൈ) നം. 11/2018/ത.സ്വ.ഭ.വ., തിയ്യതി: 29.01.2018 യിലെ ഖണ്ഡിക 5.1.3 പ്രകാരം തനതു/പൊതു ആവശ്യ ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബഡ്ജറ്റിൽ മാറ്റി വച്ചശേഷം മിച്ചമുള്ള തുക തനതു ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താം. ഖണ്ഡിക 5.1.5 പ്രകാരം, ഇപ്രകാരം തനതുഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രോജക്ടുകളിൽ തനതു ഫണ്ടിനു പകരം മറ്റ് സ്രോതസ്സുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി ഭേദഗതി ചെയ്ത് ചെലവു നടത്തി. പ്രവൃത്തി പൂർത്തീകരണ ശേഷം ഫണ്ടിനം മാറ്റാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഈ ശ്രമം നടക്കുന്നതിനിടയിൽ തനതു ഫണ്ടിൽ നിന്നു തന്നെ ചെലവ് നടത്തിയതും വ്യക്തമല്ല. അപാകതകൾ വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-14 തൻവർഷ പദ്ധതി ചെലവ് തുച്ഛം - മൂന്നിൽ രണ്ട് ചെലവും സ്പിൽ ഓവർ പദ്ധതികൾക്ക്

2020-21 വർഷം അസി. എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് സ്പിൽ ഓവർ പദ്ധതികളടക്കം ആകെ 73 പ്രോജക്ടുകളാണ്. ഇതിൽ 46 എണ്ണവും മുൻവർഷത്തിൽ നിന്നുള്ള സ്പിൽ ഓവർ പദ്ധതികളാണ്. ബാക്കി 27 പദ്ധതികൾ മാത്രമാണ് തൻവർഷം പുതുതായി രൂപീകരിച്ചത്.

2020-21 വർഷത്തിൽ അസി. എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി വകയിരുത്തിയതിൽ 79.2% ചെലവാണ് ഉണ്ടായിട്ടുള്ളത്. ഇതിൽ ചെലവിന്റെ 67.11% ഉം സ്പിൽ ഓവർ പദ്ധതികളുടെ നിർവ്വഹണത്തിനായാണ് വിനിയോഗിച്ചതെന്നും വ്യക്തമാകുന്നു. ഫണ്ടിനം തിരിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | സ്പിൽ ഓവർ പദ്ധതി | | |
|---|---|---|---|---|---|
| | | | അടങ്കൽ | ചെലവ് | ചെലവ് % |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 12,20,000 | -- | -- | -- | -- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 63,94,405 | 63,60,698 | 53,76,846 | 53,43,135 | 84% |
| തനതുഫണ്ട് | 27,43,822 | 27,38,761 | 5,33,428 | 5,29,124 | 19.32% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 94,23,954 | 76,48,000 | 54,91,720 | 51,34,892 | 67.14% |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 26,51,979 | 23,65,014 | 17,82,506 | 17,82,506 | 75.37% |
| ബ്ലോക്ക് പഞ്ചായത്ത് | 1,10,000 | 1,10,000 | 1,10,000 | 1,10,000 | 100% |
| മറ്റുള്ളവ | 17,23,000 | -- | -- | -- | -- |
| ആകെ | 2,42,67,160 | 1,92,22,473 | 1,32,94,500 | 1,28,99,657 | 67.11% |

2019-20 വർഷത്തിൽ ലഭിച്ച വിവിധ ഫണ്ടിനങ്ങളിൽ ചെലവഴിക്കാതെ സർക്കാരിലേയ്ക്ക് 1,34,41,995/- രൂപ തിരിച്ചെടുക്കപ്പെട്ടിട്ടുണ്ട്. മുൻവർഷത്തിൽ ലാപ്സായ തുകയുടെ ഫണ്ടിനം തിരിച്ച വിവരവും (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം), 2020-21 വർഷത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പദ്ധതികൾക്കായി ഈയിനം ഫണ്ടുകളിലുണ്ടായ ചെലവ് തുകയും, ക്യൂ ബില്ലായവയുടെ വിവരവും ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | തിരിച്ചെടുക്കപ്പെട്ട തുക | 2020-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയ്ക്ക് ചെലവഴിച്ച തുക | മുൻവർഷം ക്യൂ ബില്ലായ തുക |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 5,44,140 | -- | 5,44,140 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 59,92,674 | 53,43,135 | 22,92,582 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 49,24,259 | 51,34,892 | 8,43,767 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 19,80,922 | 17,82,506 | 12,15,775 |

| | | | |
|---|---|---|---|
| ആകെ | 1,34,41,995 | 1,22,60,533 | 48,96,264 |

മുൻവർഷത്തിൽ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാതിരുന്നതിനാൽ നഷ്ടപ്പെട്ട തുകയുടെ ഭൂരിഭാഗവും തുടർവർഷത്തിൽ സ്പിൽ ഓവർ പദ്ധതികളുടെ നിർവ്വഹണത്തിനായി ഉപയോഗിക്കേണ്ടി വന്നു. 2019-20 വർഷത്തെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ/വൈകി പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ പല ബില്ലുകളും ക്യൂ ബില്ലാവുകയും, ഇവയെല്ലാം സ്പിൽ ഓവർ പദ്ധതികളായി തുടരേണ്ടി വരികയും, ഇതിനുള്ള ഫണ്ട് 2020-21 വർഷത്തെ പ്രവൃത്തികൾക്കായി/ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയിൽ നിന്ന് നൽകുകയും, ആയതിനെ തുടർന്ന് തൻവർഷ പദ്ധതികൾക്ക് തുക തികയാത്ത അവസ്ഥയുമുണ്ടായി.

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സമഗ്രതയോടെയും, യഥാർത്ഥ ആവശ്യങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കാത്തതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കുന്ന അവസ്ഥ പഞ്ചായത്തിൽ നിലനിൽക്കുന്നതായി ഓഡിറ്റിൽ വ്യക്തമായി. കൂടാതെ പ്രവൃത്തികൾക്കുള്ള കരാർ സമയബന്ധിതമായി ചമച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ഇത് സ്പിൽ ഓവർ പ്രവൃത്തികളുടെയടക്കം പൂർത്തീകരണത്തിന്റെ കാലതാമസത്തിനും, വർഷാവസാനത്തേയ്ക്ക് കൂട്ടമായി ബിൽ സമർപ്പിക്കുന്നതിലേയ്ക്കും നയിച്ചിട്ടുണ്ട്.

തൻവർഷ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭ്യമായ ലക്ഷക്കണക്കിനു രൂപ ഇതു മൂലം മുൻവർഷ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടി വരികയും തൻവർഷത്തിൽ പ്രദേശത്തെ ജനതയ്ക്ക് ലഭ്യമാക്കാമായിരുന്ന സേവനങ്ങൾക്കുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്തു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിലെങ്കിലും ഒഴിവാക്കുന്ന രീതിയിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയം തുടർ വർഷത്തിൽ പരിശോധനക്ക് വിധേയമാക്കുന്നതാണ്. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്താതിരുന്നതിന്റെ കാരണവും, സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യവും വ്യക്തമാക്കേണ്ടതാണ്.

## 1-15 പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് രൂപീകരിച്ച് നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ചിതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വിവിധ പോരായ്മകൾ കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

I. എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു.

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും (റോഡ് പ്രവൃത്തികളുൾപ്പെടെ) പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. വിവിധ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ മിക്ക എസ്റ്റിമേറ്റുകളും യഥാർത്ഥ ആവശ്യകത മനസ്സിലാക്കാതെയും, ശരിയായ സൈറ്റ് പരിശോധന നടത്താതെയും, അശ്രദ്ധയോടെയും തയ്യാറാക്കിയതു മൂലമാണ് പുതുക്കേണ്ടി വന്നതെന്ന് വ്യക്തമാകുന്നു.

| ക്രമ നം. | പ്രവൃത്തി വിശദാംശം | പുതുക്കാനുള്ള കാരണം |
|---|---|---|
| 1 | റെക്കോർഡ് റൂം ഇംപ്രൂവ്മെന്റ് പ്രവൃത്തി, 165/21 | റൂമിലെ സ്ഥല സൗകര്യം കുറയാതിരിക്കാൻ ആർ.സി.സി. റാക്ക് നിർമ്മാണം ഒഴിവാക്കി ഇൻഡസ്ട്രിയൽ ഹോളോ സെക്ഷൻ ഉപയോഗിച്ച് റാക്ക് നിർമ്മിക്കാൻ തീരുമാനിച്ചു. ആദ്യ |

| | | |
|---|---|---|
| | | എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്ന പെയിന്റിംഗ് ഒഴിവാക്കി. |
| 2 | ജി.യു.പി.എസ്. അറ്റകുറ്റപണി, 97/21 | ഗ്രൗണ്ട്ഫ്ലോർ ക്ലാസ് റൂമുകളിലെ ജനവാതിലുകൾക്ക് ഷട്ടർ, സൺഷേഡ് പ്ലാസ്റ്ററിംഗ് എന്നിവ ഉൾപ്പെടുത്താൻ വിട്ടുപോയിരുന്നു. പ്രസ്തുത കെട്ടിടത്തിലെ ഒന്നാം നില പകുതി ഭാഗം നിർമ്മിക്കാൻ എം.എൽ.എ. ഫണ്ട് ലഭ്യമായതിനാൽ ഒന്നാം നിലയിലെ പ്രവൃത്തികൾ ഒഴിവാക്കി. പുതുക്കിയ എസ്റ്റിമേറ്റിൽ സോളിഡ് ബ്ലോക്ക് മേസൻറി 30x20x20 ന പകരം 40x20x15 ആക്കി മാറ്റിയിട്ടുണ്ട്. |
| 3 | തെങ്ങുംതറ മാലാഞ്ചേരി റോഡ്, 87/21 | വാർഡ് മെമ്പർ (പ്രസിഡന്റ്) ന്റെ കത്തിന്റെ അടിസ്ഥാനത്തിൽ/ ആവശ്യപ്രകാരം ചെയ്നേജ് 0/455 മുതൽ എന്നതിനു പകരം ചെയ്നേജ് 0/525 മുതൽ പ്രവൃത്തി ആരംഭിക്കാനും, 4.2 മീറ്ററിൽ സംരക്ഷണ ഭിത്തി ഉൾപ്പെടുത്താനുമായി എസ്റ്റിമേറ്റ് പുതുക്കി. |
| 4 | മൊകേരി സാംസ്കാരിക നിലയം, 161/21 | ഒന്നാം നിലയിൽ നിർമ്മിക്കുന്ന സ്റ്റേജിൽ മണ്ണ് ഫില്ലിംഗ് നടത്തുന്നത് സ്ലാബിന്റെ സുരക്ഷയെ ബാധിക്കുമെന്നതിനാൽ കോക്കനട്ട് ഷെൽ ഉപയോഗിച്ച് ഫില്ലിംഗ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് പുതുക്കി. |

II. എസ്റ്റിമേറ്റിൽ തെറ്റായ ഇനങ്ങൾ /ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ ഉൾപ്പെടുത്തുന്നു.

പഞ്ചായത്തിൽ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ചിലയിനങ്ങൾക്കായി തെരെഞ്ഞെടുക്കുന്ന/തയ്യാറാക്കുന്ന (OD) ഇനങ്ങൾ പ്രവൃത്തിക്കനുയോജ്യമല്ലാത്തതും, ഉയർന്ന നിരക്കിലുള്ളതുമാണെന്ന് കാണുന്നു. ഉദാഹരണമായി, റോഡ് പ്രവൃത്തികളോടനുബന്ധിച്ച് വരുന്ന സൈഡ് കെട്ടൽ എന്ന പ്രവൃത്തിയിൽ ഡി. ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിനു മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്കായി ഉൾപ്പെടുത്തിയത് ഐറ്റം നമ്പർ 11.1.1.1 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. ചെറിയ ആഴത്തിൽ (30cm, 40cm) മാത്രമുള്ള ഈ സാധാരണ മണ്ണ് പ്രവൃത്തിയ്ക്ക് കൂടുതൽ നിരക്കുള്ള ഐറ്റം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

വിവിധ കെട്ടിടങ്ങളിൽ ജി. ഐ. ട്രഫോർഡ് ഷീറ്റ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റയിൽ ഷീറ്റിന്റെ വിലയ്ക്ക് പുറമേ ഇതു ഫിറ്റ് ചെയ്യുന്നതിനുപയോഗിക്കുന്ന ഗാൽവനൈസ്ഡ് സ്റ്റീൽ ബോൾട്ട്, നട്ട്, ജെ/എൽ ഹുക്ക് എന്നിവയുടെ വില ഉൾപ്പെടുന്നുണ്ട്. നിലവിൽ ഷീറ്റ് ഉറപ്പിക്കുന്നതിനായി ഇത്തരം സാമഗ്രികൾ ഉപയോഗിക്കുന്നില്ലായെന്നിരിക്കെ ഇവയുടെ വില ഉൾപ്പെടും വിധം OD തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

III. വിഭാവനം ചെയ്ത പ്രവൃത്തികൾ അപൂർണ്ണമായി പൂർത്തീകരിക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ മുഴവനായി പൂർത്തീകരിക്കാതെ അപൂർണ്ണമായി നടപ്പാക്കുന്നതായി ശ്രദ്ധയിൽപെട്ടു. പരിശോധിച്ച പല പ്രവൃത്തികളിലും ആദ്യം വിഭാവനം ചെയ്ത പ്രവൃത്തികളിൽ മാറ്റം വരുത്തുകയും (പുതുക്കി) ഇത്തരത്തിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ ചെയ്യാതെ ഒഴിവാക്കുന്ന രീതി നിലനിൽക്കുന്നു. വെറ്ററിനറി ആശുപത്രിയുടെ അറ്റകുറ്റപണി, റെക്കോർഡ് റൂം നവീകരണം എന്നീ പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയപ്പോൾ ആദ്യം വിഭാവനം ചെയ്ത പെയിന്റിംഗ് പ്രവൃത്തികൾ ഒഴിവാക്കേണ്ടി വന്നത് ഇതിനുദാഹരണമാണ്.

IV. അശ്രദ്ധയോടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

പല എസ്റ്റിമേറ്റുകളും തയ്യാറാക്കുമ്പോൾ മുഴവൻ പ്രവൃത്തിയ്ക്കാവശ്യമായ ഇനങ്ങൾ ഉൾപ്പെട്ടുവെന്ന്

ഉറപ്പാക്കുന്നില്ല. ഇതു മൂലം പ്രവൃത്തി ആരംഭിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നതിലേയ്ക്കും ഇതു വഴി പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനും കാരണമാകുന്നു. പ്രോജക്ട് നമ്പർ 97/21 (ജി.യു.പി.എസ്. അറ്റകുറ്റപണി) ൽ ഗ്രൗണ്ട്ഫ്ലോർ ക്ലാസ് റൂമുകളിലെ ജനവാതിലുകൾക്ക് ഷട്ടർ, സൺഷേഡ് പ്ലാസ്റ്ററിംഗ് എന്നിവ ഉൾപ്പെടുത്താൻ വിട്ടുപോയതും, സോളിഡ് ബ്ലോക്ക് മേസൻറി 40x20x15 ന് പകരം 30x20x20 ഉൾപ്പെടുത്തിയതും ഇതിനുദാഹരണങ്ങളാണ്.

V. പ്രവൃത്തി പൂർത്തീകരണശേഷം എസ്റ്റിമേറ്റ് പുതുക്കുന്നു.

പഞ്ചായത്തിൽ ചില സന്ദർഭങ്ങളിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയ ശേഷം എസ്റ്റിമേറ്റ് പുതുക്കി തുക നൽകുന്നത് ശ്രദ്ധയിൽപ്പെട്ടു. ഉദാഹണമായി, താമിക്കുന്ന് കുടിവെള്ള പദ്ധതി സ്കീമിന്റെ പൂർത്തീകരണത്തിനായി തയ്യാറാക്കിയ പ്രോജക്ട് നമ്പർ 168/21 ൽ അഞ്ചോളം പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള ഭരണസമിതി അംഗീകാരം ലഭിക്കുന്നത് 1.6.2020 ലെ 1(9) നമ്പർ തീരുമാനപ്രകാരമാണ്. എന്നാൽ അളവു പുസ്തക പ്രകാരം E1 മുതൽ E5 വരെ പ്രവൃത്തികൾ 18.5.2020 മുതൽ 25.5.2020 വരെ തിയ്യതികളിൽ നടന്നിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്.

VI. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം.

മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് വിശദമാക്കിയിട്ടുണ്ട്. ഒരേ വർഷത്തിൽ തന്നെ ഒന്നിലധികം പദ്ധതികൾ ഒരേ കെട്ടിടത്തിൽ തയ്യാറാക്കുമ്പോൾ പോലും (തുടർ പ്രവൃത്തിയായിട്ടുപോലും) ആദ്യ പദ്ധതിയിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശം എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ വിവരിക്കുന്നില്ല. ഇതിനുദാഹരണമാണ് 2019-20 വർഷത്തിൽ വിഭാവനം ചെയ്ത് 2020-21 വർഷത്തേയ്ക്ക് സ്പിൽ ഓവർ ആയി ഉൾപ്പെട്ട ഇ.എം.എസ്. ഹാളിന്റെ അറ്റകുറ്റപണികൾക്കായി തയ്യാറാക്കിയ രണ്ടു പദ്ധതികൾ (പ്രോ. നം. 169/21, 173/21). രണ്ടാമത്തെ പ്രോജക്ട് റിപ്പോർട്ടിൽ ആദ്യ പദ്ധതിയിൽ ചെയ്ത പ്രവൃത്തികളെ സംബന്ധിച്ച് ഒന്നും പരാമർശിച്ചിട്ടില്ല.

എസ്റ്റിമേറ്റുകൾ മേൽ അപാകതകളോടെ തയ്യാറാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021 ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലർ ഇവിടെ പ്രസക്തമാണ്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും, മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

1-16 ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ ഫയൽ ചെയ്തതിൽ സംഭവിച്ച അപാകതകൾ - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു.

ആദായനികുതി വകുപ്പിൽ വിവിധയിനങ്ങളിലായി നിലവിൽ ഗ്രാമപഞ്ചായത്ത് അടവാക്കാൻ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അറിയുന്നതിനായി TDS TRACES ൽ പരിശോധന നടത്തി. ആയത് പ്രകാരമുള്ള നിലവിലെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ഫയൽ ചെയ്ത | ഫോം ഇനം | തുക | കുടിശ്ശികയുടെ കാരണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തിയതി | | | |
| 1 | 2012-13 Q3 | 29-03-2014 | 26Q | 5,900 | Short Deduction/Collection&Interest On Short Deduction/collection |
| 2 | 2016-17 Q3 | 11-02-2017 | 24Q | 2,200 | Late Filing Levy |
| 3 | 2017-18 Q4 | 18-05-2018 | 26Q | 5,200 | Short Deduction/Collection&Interest On Short Deduction/collection |
| 4 | 2018-19 Q3 | 30-01-2019 | 24Q | 220 | Interest On Late Deduction/collection Default<br>U/s 201(1A)/206C(7) |
| 5 | 2018-19 Q4 | 27-05-2019 | 26Q | 77,550 | Short Deduction/Collection&Interest On Short Deduction/collection |
| 6 | 2019-20 Q4 | 08-09-2020 | 24Q | 7,800 | Late Filing Fee U/s 234E |
| 7 | 2020-21 Q3 | 24-02-2021 | 24Q | 8,960 | Short Payment& Interest On Short=4360<br>Late Filing Fee U/s 234E=4600 |
| 8 | 2021-22 Q1 | 30-07-2021 | 26Q | 3,310 | Short Deduction/Collection&Interest On Short Deduction/collection |
| 9 | 2021-22 Q4 | 26-05-2022 | 24Q | 220 | Short Payment& Interest On Short Payment |
| | | ആകെ കുടിശ്ശിക | | 111,360 | |

TRACES ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2012-13 - 2021-22 സാമ്പത്തിക വർഷങ്ങളിലെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തത് കൊണ്ടും TDS ഫയൽ ചെയ്യുമ്പോൾ സംഭവിക്കുന്ന മറ്റ് അപാകതകൾ കൊണ്ടുമാണ് പിഴയിനത്തിൽ വൻ തുക അടവാക്കേണ്ട സാഹചര്യം ഉണ്ടായത് എന്ന് കാണുന്നു. ആകെ കുടിശ്ശികയായുള്ള 1,11,360/- രൂപയിൽ 14,600/- രൂപ Late Filing Fee ഇനത്തിലും 96,760/- രൂപ മറ്റിനത്തിലും പെട്ടതാണ്. (Short Deduction & Interest, Short Payment & Interest Etc.) ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഇപ്രകാരം കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമായിട്ടില്ല. ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

നിലവിൽ ഓരോ സ്ഥാപനത്തിനും സ്വന്തമായി TDS ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ഇൻകം ടാക്സ് വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം ഉപയോഗിക്കാതെ TDS ഫയൽ ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. ഈ സ്ഥാപനങ്ങൾ TDS ഫയൽ ചെയ്യുമ്പോൾ അപാകതകൾ സംഭവിക്കാം. അല്ലെങ്കിൽ പഞ്ചായത്തിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ഡാറ്റ നൽകുമ്പോൾ പിശകുകൾ സംഭവിക്കാം. ഇവ മൂലമാണ് 96,760 - (Short Deduction & Interest, Short Payment & Interest) രൂപ കുടിശ്ശികയുണ്ടായത്. ഓരോ തവണ TDS ഫയൽ ചെയ്യുമ്പോഴും ഇത്തരം അപാകതകൾ സംഭവിച്ചിട്ടുണ്ടോയെന്ന് സ്ഥാപനത്തിന്റെ TRACES LOGIN ൽ പരിശോധിക്കാവുന്നതും, അപാകതയുണ്ടെങ്കിൽ TDS Correction Statement ഫയൽ ചെയ്യേണ്ടതുമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. TDS Correction Statement ഫയൽ ചെയ്ത് ഈ കുടിശ്ശിക തീർക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 234 പ്രകാരം TDS യഥാസമയം ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 200/- രൂപ നിരക്കിൽ Late Fee ഈടാക്കുന്നതാണ്. (Late Fee പരമാവധി TDS തുകയായി പരിമിതപ്പെടുത്തിയിട്ടുണ്ട്.) നിലവിൽ 14,600/- രൂപ Late Filing Fee യിനത്തിൽ കുടിശികയുണ്ട്.

സാങ്കേതികമായ കാരണങ്ങളാലാണ് ഗ്രാമ പഞ്ചായത്തിന് TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാൻ സാധിക്കാതിരുന്നത് എങ്കിൽ ഇക്കാര്യം ഇൻകം ടാക്സ് വകുപ്പിനെ കൃത്യമായ രേഖകൾ സഹിതം ബോധിപ്പിച്ച് കുടിശ്ശിക തീർപ്പാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കുടിശ്ശിക വരാൻ കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതും, ഇൻകം ടാക്സ് വകുപ്പിൽ അടവാക്കി കുടിശ്ശിക തീർക്കേണ്ടതുമാണ്.

1-17 ഇൻഷുറൻസ് പരിരക്ഷയില്ലാതെ വാഹനം റോഡിൽ ഓടിച്ചു.

ഗ്രാമപഞ്ചായത്ത് വാഹനമായ KL – 18 – L - 1 ബോലറോ ജീപ്പിന്റെ ഇൻഷുറൻസ് കാലാവധി 11.4.2020 - ന് അവസാനിച്ചു. ശേഷം ഈ വാഹനത്തിന്റെ ഇൻഷുറൻസ് പുതുക്കുന്നത് 26.5.2020 - നാണ്. (വൗച്ചർ നമ്പർ 22000187 തീയതി 25.6.2020) എന്നാൽ ഈ വാഹനത്തിന് ഇൻഷുറൻസ് പരിരക്ഷ ഇല്ലാതിരുന്ന ദിവസങ്ങളിൽ (12.4.2020 മുതൽ 25.5.2020 വരെ - ഏകദേശം ഒന്നര മാസം ) ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടും സെക്രട്ടറിയും ഈ വാഹനം ഉപയോഗിച്ചിട്ടുണ്ട്. വാഹനത്തിന് ഇൻഷുറൻസ് പരിരക്ഷ ഇല്ലാതെ ഓടിക്കുക വഴി വല്ല അപകടവും സംഭവിച്ചിരുന്നുവെങ്കിൽ ആയവക്ക് ക്ലയിം ലഭിക്കില്ലായിരുന്നു. മാത്രവുമല്ല ഇത്തരത്തിൽ വാഹനം ഉപയോഗിക്കുന്നത് നിയമവിധേയവുമല്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

മേൽ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്
(ഓഡിറ്റ് എൻക്വയറി നമ്പർ 5/2020-21 തീയതി 8.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല.

പ്രോജക്ട് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ - എസ് 023/20-21

നിർവഹണോദ്യോഗസ്ഥ - ഐ. സി. ഡി. എസ്. സൂപ്പർവൈസർ

അടങ്കൽ - 10,75,323/- രൂപ

( 5,50,323/- രൂപ – വികസന ഫണ്ട് - പൊതു വിഭാഗം

3,00,000/- രൂപ – ജില്ലാ പഞ്ചായത്ത് വിഹിതം

2,25,000/- രൂപ – ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

ചെലവ് - 9,85,323/- രൂപ

( 5,50,323/- രൂപ – വികസന ഫണ്ട് - പൊതു വിഭാഗം

2,25,000/- രൂപ – ജില്ലാ പഞ്ചായത്ത് വിഹിതം

2,10,000/- രൂപ – ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന 41 വിദ്യാർത്ഥികൾ ഉണ്ട്. ഇവർക്ക് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 ( ബി ) പ്രകാരം ( സ.ഉ. നം. ( എം. എസ്) 22/2018/ത.സ്വ.ഭവ തീയതി 14.02.2018 ) 28,500/- രൂപ വരെ പ്രതിവർഷം സ്കോളർഷിപ്പ് ലഭിക്കാൻ അർഹതയുണ്ടെങ്കിലും എല്ലാ വിദ്യാർത്ഥികൾക്കും 20,726/- രൂപ വീതമാണ് സ്കോളർഷിപ്പ് ആയി നൽകിയിട്ടുള്ളത്. സർക്കുലർ നമ്പർ ഡി. എ. 1/19/2019/ത.സ്വ.ഭവ തീയതി 25.1.2019 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കണമെന്നും ഇതിനായി മതിയായ തുക നീക്കി വെക്കേണ്ടതാണെന്നും ഇക്കാര്യം ICDS / CDPO എന്നിവർ ഉറപ്പു വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന ഈ വിഭാഗത്തിന് സ്കോളർഷിപ്പ് ഇനത്തിൽ അർഹമായ തുക വകയിരുത്തി അനുവദിക്കുന്നതിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2020-21 തീയതി 8.6.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടിനായി വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ മുഴുവനായി ലഭിക്കാതിരുന്നതിനാലാണ് അർഹതപ്പെട്ട മുഴുവൻ സ്കോളർഷിപ്പും നൽകാൻ കഴിയാതിരുന്നത് എന്ന് വിശദീകരിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് സ്കോളർഷിപ്പ് മുഴുവൻ തുകയും നൽകുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-19 റോഡ് റേസ്റ്റോറേഷൻ ചാർജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വലിയ തുക ലഭിക്കാൻ അവശേഷിക്കുന്നു.

ഫയൽ നമ്പർ - 543/2020

ഗ്രാമപഞ്ചായത്തിലെ കുന്നമ്മൽ കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ റോഡുകൾ മുറിക്കുന്നതിനായി 2,18,43,171/- രൂപ ഗ്രാമ പഞ്ചായത്തിന് അനുവദിക്കുന്നതിനായി വകയിരുത്തിയതായി വാട്ടർ അതോറിറ്റി പ്രൊജക്റ്റ് ഡിവിഷൻ കോഴിക്കോട് അസിസ്റ്റന്റ് എൻജിനീയർ 03-02-2020 ന് ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 06-02-2020 ന് ഗ്രാമ പഞ്ചായത്ത് അസി. എൻജിനീയർ 2,18,43,171/- *രൂപയുടെ ഭാഗിക എസ്റ്റിമേറ്റ് തയാറാക്കി സമർപ്പിച്ചു. റോഡ്* റീസ്റ്റോറേഷൻ *ചാർജിനത്തിൽ* ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ട തുകയിലേക്ക് *07-01-2021 ന് 1,00,00,000/-* രൂപ വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. (ചെക്ക് നം. 212349/തിയതി-07-01-2021) ഈ തുക SBI തനത് ഫണ്ട് അക്കൗണ്ടിൽ (A/C No. 6713002961 SBI Kakkattil) 27-01-2021 ന് വരവ് വെച്ചിട്ടുണ്ട്.

ഭരണ സമിതിയുടെ 10-02-2021 ലെ 09/20-21 നമ്പർ തീരുമാന പ്രകാരം ബാക്കി തുകയായ 1,18,43,171/- രൂപ കൂടി വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ആയതിനായി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ബാക്കി തുകയായ 1,18,43,171/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ *1,00,00,000/-* രൂപ 06-03-2021 നും 29-03-2021 നുമായി SBI തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് (06-03-2021 ന് 80,00,000/- രൂപ, 29-03-2021 ന് 20,00,000/- രൂപ) കക്കട്ടിൽ കോ - ഓപറേറ്റീവ് റൂറൽ ബാങ്കിൽ സ്ഥിര നിക്ഷേപമായി ഇട്ടിരിക്കുകയാണ്. കുന്നമ്മൽ കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ വിവിധ റോഡുകൾ മുറിച്ചത് റീസ്റ്റോറേഷൻ ചെയ്യുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച തുക റോഡ് റീസ്റ്റോറേഷന് ഉപയോഗിക്കാതെ സ്ഥിര നിക്ഷേപമായി ഇട്ടതിന്റെ

സാഹചര്യം വിശദീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നും മുഴവൻ തുകയും ലഭ്യമാക്കി മുഴവൻ റോഡുകളുടെയും റീസ്റ്റോറേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 രോഗകീടം ബാധിച്ച തെങ്ങ് വെട്ടി മാറ്റൽ - പദ്ധതി പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിയില്ല.

പ്രോജക്ട് - രോഗകീടം ബാധിച്ച തെങ്ങ് വെട്ടി മാറ്റൽ

പ്രോജക്ട് നമ്പർ - എസ് 016/20-21

നിർവഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 2,00,000/- രൂപ - വികസന ഫണ്ട് - പൊതു വിഭാഗം

ചെലവ് - 2,00,000/- രൂപ - വികസന ഫണ്ട് - പൊതു വിഭാഗം

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ രോഗകീടം ബാധിച്ച 400 തെങ്ങുകൾ മുറിച്ച മാറ്റാൻ ഉള്ള ചെലവിലേക്കായി തെങ്ങ് ഒന്നിന് 500 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.12 പ്രകാരം ( സ.ഉ. നം. ( എം. എസ്) 22/2018/ത.സ്വ.ഭവ തീയതി 14.02.2018 ) കേടുവന്ന തെങ്ങുകൾ മുറിച്ച മാറ്റി പുതിയ തൈകൾ വെയ്ക്കുന്നതിനാണ് പ്രോജക്ടുകൾ തയ്യാറാക്കാവുന്നതും സബ്സിഡി അനുവദിക്കാവുന്നതും. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയതും സബ്സിഡി അനുവദിച്ചതും കേടുവന്ന തെങ്ങുകൾ മുറിച്ച മാറ്റുന്നതിന് മാത്രമാണ്. ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിയത് കൊണ്ട് നാളികേര കർഷകർക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ലഭിക്കേണ്ട പൂർണ്ണ ആനുകൂല്യം ലഭിക്കാതെ വന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ തെങ്ങിൻ തൈകൾ വെയ്ക്കുമ്പോൾ കർഷകർക്ക് തൈകളുടെ വിലയുടെ 75 ശതമാനം സബ്സിഡിക്കു കൂടി അർഹത ഉണ്ടായിരുന്നു. മേൽ പ്രകാരമുള്ള പ്രോജക്ട് നടപ്പിലാക്കുക വഴി നാളികേര കർഷകർക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ലഭിക്കേണ്ട പൂർണ്ണ ആനുകൂല്യം ലഭിക്കാതെ വന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2020-21 തീയതി 6.6.2022) ലഭ്യമാക്കിയ മറുപടിയിൽ നിർവഹണോദ്യോഗസ്ഥന്റെ പരിചയക്കുറവ് കൊണ്ട് സംഭവിച്ചതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

1-21 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടവാക്കൽ - അടക്കുന്ന തുകയുടെ കൃത്യത ഉറപ്പു വരുത്തുന്നില്ല

ഗ്രാമപഞ്ചായത്തു പരിധിയിലെ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ ഓഡിറ്റ് വർഷം വാർഷിക കണക്കു പ്രകാരം 3,67,080/- രൂപ ( റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP – 13 പ്രകാരം ) കെ. എസ്. ഇ. ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തു പരിധിയിലെ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകൾക്ക് ബാധകമായ തുകയാണോ വൈദ്യുത ചാർജിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഇതിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവു വിളക്കുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അവ നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും കെ. എസ്. ഇ. ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 7/2020-21 തീയതി 8.6.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കെ. എസ്. ഇ. ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ ചാർജ്ജ് മാത്രമാണ് വൈദ്യുത ചാർജിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-22 പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം

കുന്നമ്മൽ ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത

സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യ കാല പെൻഷൻ, വിധവാ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | അപേക്ഷയിന്മേലുള്ള റിപ്പോർട്ട് ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|---|
| 1 | മൈഥിലി ചന്ദ്രൻ കുളങ്ങര വീട്ടിൽ കക്കട്ടിൽ | വാർദ്ധക്യകാല പെൻഷൻ | B3 4494/20 20/10/2020 | 13/01/2021 | 18/01/2021 |
| 2 | രാജൻ S/oകണ്ണൻ തെക്കേ തയ്യർ പൊയിൽ പാതിരിപ്പറ്റ | | B3 4506/20 21/10/2020 | 13/01/2021 | 18/01/2021 |
| 3 | ആയിഷ W/o പോക്കർ രയരോത്ത് മീത്തൽ പാതിരിപ്പറ്റ | | A3 4517/2020 21/10/2020 | 13/01/2021 | 18/01/21 |
| 4 | പോക്കർ S/o ബീരാൻ രയരോത്ത് മീത്തൽ പാതിരിപ്പറ്റ | | A3 4584/2020 23/10/2020 | 13/01/2021 | 18/01/2021 |
| 5. | തിലകം W/o കുഞ്ഞൻ മാണിക്കോത്ത്, മൊകേരി. | | A3 370/2021 20/01/21 | 14/05/21 | 18/05/2021 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 6. | ഗോപാലൻ കെ.പി.<br>S/o ഗോവിന്ദൻ<br>കല്ല പുരയിൽ കക്കട്ടിൽ<br>പുറത്തെ തയ്യിൽ ചോമ്പാല | | B3 504/2021<br>06/05/2019 | 14/05/2022 | 18/05/2020 |
| 7. | ശാന്ത W/o ശങ്കരൻ<br>പുത്തൻപുറക്കൽ | | AB 509/2021<br>25/01/2021 | 14/05/2021 | 18/05/2021 |
| 8 | വിനിജ<br>W/oഗീരീഷ് ബാബു<br>എരവുക്കാട്ടുമ്മൽ | | B3<br>4980/2020<br>10/11/2020 | 26/02/2021 | 14/05/2021 |
| 9 | വിജയകുമാരി<br>W/o ഗോപി<br>അനോറേമ്മൽ | വിധവാ<br>പെൻഷൻ | B3 158/2021<br>08/01/2021 | 26/02/2021 | 14/05/2021 |
| 10 | ദേവി<br>W/o കണാരൻ<br>തയ്യുള്ളപറമ്പത്ത് | കർഷക<br>തൊഴിലാളി<br>പെൻഷൻ | B3 2944/20<br>7/7/20 | 08/10/2020 | 14/10/2020 |
| 11 | കുമാരൻ എ.പി<br>അരയാൽപുരയിൽ | | B3<br>750/21<br>5/2/21 | 17/03/2021 | 14/05/2021 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിന്മേൽ അന്വേഷണം പൂർത്തീകരിക്കാൻ സമയമെടുക്കുന്നതായും അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതായും കാണുന്നു. കർഷകതൊഴിലാളി പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകളിൽ 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. സമയ ബന്ധിതമായി പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കേണ്ടതാണ്.

## 1-23 എൽ. ഇ.ഡി തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - അപാകതകൾ

പ്രോജക്ട് നം. 127/20-21

അടങ്കൽ : 270787/- (തനത് ഫണ്ട്)

ചെലവ് : 2,36,513/-

നിർവ്വഹണം : സെക്രട്ടറി

എൽ. ഇ. ഡി തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാറിലേർപ്പെടുന്നതിനാണ് പ്രസ്തുത സ്പിൽ ഓവർ പ്രോജക്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 2(1)/19.08.2019 പ്രകാരം കൽപ്പത്തൂർ ഇലക്ട്രിക്കൽ & പ്ലംബിംഗ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിക്കുകയും കരാർ ഉടമ്പടി നം. 20/19-20; തീയതി 24.08.2019 പ്രകാരം പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാർ ഉടമ്പടിയിലെ ഒന്നാമത്തെ വ്യവസ്ഥ പ്രകാരം കരാറുകാരൻ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസി. എഞ്ചിനീയറുടെ അംഗീകാരത്തോടെയും മേൽനോട്ടത്തിലും ആണ് പ്രവൃത്തികൾ നടത്തേണ്ടത്. എന്നാൽ ഇതിനെക്കുറിച്ചുള്ള രേഖപ്പെടുത്തലുകളൊന്നും ഫയലിൽ ലഭ്യമല്ല.

2. റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പരും സ്ഥലവും റിപ്പയർ ചെയ്തതിന്റെ വിവരവും അടങ്ങുന്ന കംപ്ലയിന്റ് രജിസ്റ്റർ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

3. ഐ.കെ.എം ചെലവ് പത്രിക പ്രകാരം പ്രസ്തുത പദ്ധതിക്കായി തൻവർഷം അകെ 2,36,513/- രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് വിവരങ്ങൾ, കൈപ്പറ്റ് രശീതി എന്നിവ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

5. പഞ്ചായത്ത്, കെ.എസ്.ഇ.ബി യുമായി ചേർന്ന്, പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള തെരുവ് വിളക്കുകളുടെ കാര്യത്തിൽ ഒരു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 21/10.06.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-24 ടൗണുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം. 123/20-21

അടങ്കൽ : 59,900/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 59,900/- (ബിൽ നം. 2/13.05.2020)

നിർവ്വഹണം : സെക്രട്ടറി

പ്രോജക്ട് നം. 141/19-20 - ന്റെ സ്പിൽ ഓവർ ആയിട്ടാണ് ഓഡിറ്റ് വർഷം പ്രസ്തുത പ്രോജക്ട് വെച്ച് ചെലവ് നടത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉപയോഗം കഴിഞ്ഞ് ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് മാലിന്യ നിർമ്മാർജ്ജനം സാധ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 1(4)/09.10.2019 പ്രകാരം ഗൾഫ് മെറ്റൽസ് സ്റ്റീൽ ഫാബ്രിക്കേഷൻ, കുളങ്ങരത്താഴെ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ, നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. കമ്പനിയുമായി പഞ്ചായത്ത് നിയമാനുസൃതമായ കരാർ ചമച്ചിട്ടില്ല.

2. കമ്പനി വിതരണം ചെയ്ത വസ്തുക്കൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 22/10.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-25 പെയിൻ ആൻഡ് പാലിയേറ്റീവ് - മാനേജ്മെന്റ് കമ്മറ്റി യോഗങ്ങൾ ചേരുന്നില്ല

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ. ഉ (സാധാ) നം. 553/2019/ത.സ്വ.ഭ.വ. തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ. 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിന് മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ – പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2020-21 വർഷത്തിൽ ഒരു യോഗം പോലും ചേരുകയോ അതിന്റെ പ്രവർത്തനാവലോകനം നടത്തുകയോ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. 20-07-2019 – ന ശേഷം 25.11.2021 ന മാത്രമാണ് കമ്മറ്റി യോഗം ചേർന്നത്. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ നടത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-26 ഗ്രാമപഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - അപാകതകൾ

പ്രോജക്ട് നം. 128/20-21

അടങ്കൽ : 3,00,000/- (തനത് ഫണ്ട്)

45,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം)

ചെലവ് : 2,63,051/- (വൗച്ചർ നം. 22000597/9.11.2020; ചെക്ക് നം. 1110542 - 13,450/-

വൗച്ചർ നം. 22001086 31.03.2021; ചെക്ക് നം.TSB2064248 – 1,98,985/-

വൗച്ചർ നം. 22001087 31.03.2021; ചെക്ക് നം.TSB2064249 – 50,616/-)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറുകളും പ്രിന്ററും വാങ്ങുന്നതിനാണ് പ്രോജക്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി താഴെ വിവരിക്കും പ്രകാരം വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

| വിതരണ ഏജൻസി | വിവരണം | ഇൻവോയിസ് നം./ തീയതി | തുക |
|---|---|---|---|
| പ്രകാശം കമ്പ്യൂട്ടർ വില്ലേജ് | Canon Laser Printer, Model 6230 DN-1 Unit | 27/12.10.2020 | 13,400/- |
| കെൽട്രോൺ | Destop-Intel Processor-Medium End-Windows 10 Prof., Intel Core I3 Processor-5 Units | TVM/1TBG/P1/RC /23403/20-21; Dated 05.03.2021 | 1,98,985/- |
| കെൽട്രോൺ | Destop-Intel Processor-High End-Windows 10 Prof., Intel Core I5 Processor-1 Unit | TVM/1TBG/P1/RC /23403/20-21; Dated 05.03.2021 | 50,516/- |

ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ വിവരിച്ച പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

2. വാങ്ങിയ കംപ്യൂട്ടറുകളും പ്രിന്ററും സപ്ലൈ ഓർഡർ പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഉള്ളവയാണോ

എന്നും ഗുണനിലവാരം ഉള്ളവയാണോ എന്നും പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 23/10.06.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

1-27 പദ്ധതി രൂപീകരണ നിർവ്വഹണം മോണിറ്ററിംഗ് - അപാകതകൾ

പ്രോജക്ട് നം. 04/20-21

അടങ്കൽ : 2,50,000/- (തനത് ഫണ്ട്)

ചെലവ് : 2,50,000/-

നിർവ്വഹണം : സെക്രട്ടറി

പദ്ധതി രൂപീകരണ നിർവ്വഹണം, മോണിറ്ററിംഗുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. വൗച്ചർ നം. 22001078/31.03.2021; ചെക്ക് നം.1115022 പ്രകാരം എൻ.എസ്.ബി കക്കട്ടിൽ എന്ന പേരിൽ 6,798/- രൂപ നൽകിയിരിക്കുന്നു. ആയതിന്റെ ചെലവ് വിവരം, കൈപ്പറ്റ് രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. വൗച്ചർ നം. 22001024/31.03.2021; ചെക്ക് നം.11115022 പ്രകാരം സന്തോഷ് എം. കെ എന്നയാൾക്ക് 25,000/- രൂപ നൽകിയിരിക്കുന്നു. ആയതിന്റെ ചെലവ് വിവരം, കൈപ്പറ്റ് രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 24/10.06.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

1-28 തുടർസാക്ഷരത – പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 215/20-21

അടങ്കൽ : 44,550/- (തനത് ഫണ്ട്)

ചെലവ് : 43,450/- (വൗച്ചർ നം. 22001079/30.03.2021; ചെക്ക് നം.1115024)

നിർവ്വഹണം : ഹെഡ് മാസ്റ്റർ

പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 1(4)/23.02.2021 പ്രകാരം പത്താം തരം തുല്യതാ പഠനത്തിനായി ആളൊന്നിന് 1,750/- രൂപ നിരക്കിൽ 11 പേരുടെ ലിസ്റ്റും പ്ലസ് വൺ തുല്യതാ പഠനത്തിനായി ആളൊന്നിന് 2,200/-രൂപ നിരക്കിൽ 11 പേരുടേയും ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പദ്ധതി ചെലവിനത്തിൽ ആകെ 43,450/- രൂപ കേരള സംസ്ഥാന ലിറ്ററസി മിഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

2. കേരള സംസ്ഥാന ലിറ്ററസി മിഷന് തുക കൈമാറിയതല്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളിൽ ഇടപെടലുകൾ നടത്തിയതായി രേഖയില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19/10.06.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

1-29 ഐ.കെ.എം വിഹിതം നൽകൽ - അപാകതകൾ

പ്രോജക്ട് നം. 43/20-21

അടങ്കൽ : 57,077/- (വികസന ഫണ്ട്)

ചെലവ് : 57,077/- (ബിൽ നം. 16/22.10.2020)

നിർവ്വഹണം : സെക്രട്ടറി

ഐ.കെ.എം വിഹിതം നൽകാനായാണ് പ്രോജക്ട്. വിഹിതം നല്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

2. ഇൻഫർമേഷൻ കേരള മിഷന്റെ കത്ത് നം. ഐ.കെ.എം/എ7/894/2020; തീയതി 18.03.2020 പ്രകാരം പ്രവർത്തന ഫണ്ടിനത്തിൽ 2015-16 മുതൽ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിവരം ചുവടേ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | അടവാക്കിയത് | ബാക്കി |
|---|---|---|---|
| 2015-16 | 25543 | 25542 | 1 |
| 2016-17 | 27280 | 27280 | 0 |
| 2017-18 | 39443 | 25000 | 14443 |
| 2018-19 | 42160 | 42160 | 0 |
| 2019-20 | 41620 | 42160 | -540 |
| 2020-21 | 43173 | 0 | 43173 |
| | 219219 | 162142 | 57077 |

2019-20-ൽ 540/- രൂപ അധികം ഈടാക്കിയതിന്റെയും, മുൻ വർഷങ്ങളിൽ ഐ.കെ.എം- ന് അടവാക്കേണ്ട തുക കുടിശ്ശിക ആയതിന്റെയും സാഹചര്യം വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 20/10.06.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2018-19, 2019-20 വർഷങ്ങളിൽ വിഭാവനം ചെയ്ത താഴെ ചേർക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടും ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയില്ല.

| പ്രോജക്ട് നമ്പർ/പേര് | ഏറ്റെടുത്ത അടങ്കൽ തുക/ കരാറുകാരൻ | കരാർ നം./തിയ്യതി | പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തീകരണ തിയ്യതി | ഈടാക്കേണ്ട പിഴ @3% |
|---|---|---|---|---|---|
| കുളക്കണ്ടി ഫുട്ട്പാത്ത് നിർമ്മാണം, 159/21 | 2,40,000/- വി.പി.ശങ്കരൻ | 27/19-20 /14.11.19 | 6 മാസം | 16.2.21 | 7,200 |
| പാറപ്പൊയിൽ കുടിവെള്ള പദ്ധതി കിണർ നിർമ്മാണം, 139/21 | 1,20,000/- ഫൈസൽ. ടി.പി. | 50/18-19 /22.2.19 | 6 മാസം | 20.3.20 | 3,600 |
| മിനിസ്റ്റേഡിയം ചുറ്റുമതിൽ അറ്റകുറ്റപണി, 138/21 | 2,60,000/- ULCCS | 41/18-19 /22.12.18 | 5 മാസം | 20.2.20 | 7,800 |
| ആകെ | | | | | 18,600 |

മുൻവർഷത്തിൽ നിന്ന് സ്പിൽ ഓവർ പ്രവൃത്തികളായി ഉൾപ്പെട്ടവ (ഭേദഗതിയില്ലാത്തവ) അടുത്ത വർഷാരംഭം മുതൽ തന്നെ പ്രവൃത്തി ആരംഭിക്കാമെന്നിരിക്കെ കാലതാമസം വരുത്തിയതെന്തു കൊണ്ടാണെന്ന് വ്യക്തമല്ല.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ എ. ഇ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ പൂർത്തീകരണ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. മേൽ പദ്ധതികളുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം പരമാവധി മൂന്നു മാസം (അവസാനത്തേതിന് രണ്ടര മാസം) വരെ നീട്ടി നൽകാവുന്നതായിരുന്നു. എന്നാൽ ഈ കാലാവധിയും കഴിഞ്ഞാണ് പ്രവൃത്തി ആരംഭിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്ള്യൂ. ഡി. മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരിൽ നിന്നും 18,600/- രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണോദ്യോഗസ്ഥനോ ശ്രദ്ധിക്കുകയോ ഇടപെടലുകൾ നടത്തുകയോ

ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാതിരുന്നത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പിഴ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : വി. കെ. കൃഷ്ണമേനോൻ ലൈബ്രറി അറ്റകുറ്റപണി, 121/21

അടങ്കൽ : 2,96,837/-

ചെലവ് : 2,96,837/- (ബിൽ നം. 1/20-21/11.5.20)

വി. കെ. കൃഷ്ണമേനോൻ ലൈബ്രറിയുടെ ഒന്നാം നിലയിലേയ്ക്ക് ആർ.സി.സി. കോണി നിർമ്മിക്കുന്നതിനും, ആയതിന്റെ ഫിനിഷിംഗ് പ്രവൃത്തികളും, കേടായ ജി. ഐ. ഷീറ്റ് മാറ്റിസ്ഥാപിക്കുക, താഴെ നിലയുടെ ഫ്ലോറിംഗ് എന്നിവയ്ക്കായാണ് പദ്ധതി രൂപീകരിച്ചത്. എന്നാൽ ആർ.സി.സി. സ്റ്റെയർ പണിയാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് സെപ്റ്റിക് ടാങ്ക് ഉള്ളതിനാൽ ആർ.സി.സി.യ്ക്ക് പകരം സ്റ്റീൽ സ്റ്റെയർ നിർമ്മിക്കാൻ തീരുമാനിക്കുകയും, എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തുകയും ചെയ്തു.

ആദ്യ എസ്റ്റിമേറ്റിൽ പുതുതായി പണിയുന്ന കോണിയുടെ പെയിന്റിംഗിനായി DAR ലെ ഐറ്റം 13.60.1 ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ആർ.സി.സി. സ്റ്റെയർ ഒഴിവാക്കിയപ്പോൾ ആയത് വേണ്ടി വന്നില്ല. പക്ഷേ അളവു പുസ്തക പ്രകാരം 429.84 M2 അളവിൽ ഈയിനം പ്രവൃത്തി നടന്നിട്ടുണ്ട്. ആയത് നിലവിലുള്ള കെട്ടിടത്തിന്റെ പെയിന്റിംഗിനാണ് ഉപയോഗപ്പെടുത്തിയതെന്ന് അളവുകളിൽ നിന്ന് വ്യക്തമാകുന്നു. നിലവിലെ കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തിയ്ക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി പെയിന്റിംഗ് നടത്തിയതിനാൽ അധിക തുക ചെലവഴിക്കുന്ന അവസ്ഥയുണ്ടായി. പഴയ കെട്ടിടത്തിന്റെ പെയിംന്റിംഗിനായി ഉപയോഗപ്പെടുത്താവുന്ന ഐറ്റം 14.53.1. ഉൾപ്പെടുത്തിയിരുന്നെങ്കിൽ 16,699/-രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| ഐറ്റം 13.60.1 പ്രകാരം ചെലവായ തുക | ഐറ്റം 14.53.1. ഉൾപ്പെടുത്തിയിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക | അധികം ചെലവായ തുക |
|---|---|---|
| 429.84 M2 X @112.34 = 48,288.23 | 429.84 M2 X @73.49 = 31,588.94 | 16,699/- |

വിഭാവനം ചെയ്ത ആദ്യ പ്രവൃത്തിയിൽ നിന്നും മാറ്റം വേണ്ടി വന്നപ്പോൾ നിലവിലെ കെട്ടിടത്തിന് പെയിന്റിംഗ് ചെയ്യുന്നതിന്റെ വിശദാംശങ്ങളൊന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിച്ചിട്ടില്ല. മേൽ ഇനം ഉപയോഗിച്ച് പെയിന്റിംഗ് നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. മാറ്റി സ്ഥാപിച്ച പഴയ ജി. ഐ. ഷീറ്റുകൾ ഉപയോഗക്ഷമമല്ലയെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ പിന്നീട് ലേലം ചെയ്ത് ഒഴിവാക്കിയോയെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തെറ്റായ ഇനം ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധിക ചെലവ് 16,699/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തിയ്യതി |
|---|---|---|
| 2020-21 | 06.06.2022 മുതൽ 07.06.2022 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 160000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 405000 | ക്ഷീര ഗ്രാമം കറവ പശു വിതരണം | 405000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6400 | പച്ചക്കറി കൃഷി വികസനം | 6400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 210000 | ഭിന്നശേഷി സ്കോളർഷിപ്പ് | 210000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 480000 | ലൈഫ് ഭവന പദ്ധതി(എസ് സി) | 480000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 135807 | പെയിൻ & പാലിയേറ്റീവ് | 135807 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 20000 | സുഫലം ഫല വൃക്ഷത്തൈ വിതരണം | 20000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 225000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 225000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 7680 | പച്ചക്കറി കൃഷി വികസനം | 7680 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 480000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 480000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 220000 | ലൈഫ് ഭവന പദ്ധതി(എസ് സി) | 220000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 94598 | പാലിന് സബ്സിഡി | 94598 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 390000 | ക്ഷീര ഗ്രാമം വനിത | 390000 | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം. 68/2018/ ത.സ്വ.ഭ.വ തിയതി 18-05-2018 | 1,27,60,000 | 1,18,48,235 | 9,94,902 | 0 | 1,08,53,333 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലെ നിക്ഷേപം | 63,07,479 |
| തൻവർഷം നിക്ഷേപിച്ച തുക | 1,05,00,202 |
| ആകെ | 1,68,07,681 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,68,07,681 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 6A | 2004-05 | 11.1.2.2 | ബജറ്റ് പാസ്സാക്കുന്നില്ല. ഗ്രാമപഞ്ചായത്തുകൾ നിയമം ലംഘിക്കുന്നു (പൊതു പരാമർശം) | നില നിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2000-01 | - | 2004-05 | 11.1.3.2.116 | നികുതി പിരിവിൽ അലംഭാവം- കുടിശ്ശിക പെരുകുന്നു. (പൊതു പരാമർശം) | നില നിൽക്കുന്നു. |
| 2001-02 | 3-4 | 2005-06 | 2.73 | അങ്കണവാടി കെട്ടിടം അനധികൃതം | നില നിൽക്കുന്നു. |
| 2002-03 | 2-1 | 2006-07 | 3.79.1.16 | നികുതി കാലഹരണപ്പെട്ടത് | നില നിൽക്കുന്നു. |
| 2002-03 | 2-5 | 2005-06 | 3.79.2.4 | കെട്ടിടവാടക, ലേലത്തുകകൾ ഇവ യഥാസമയം പിരിച്ചെടുക്കുന്നില്ല | |
| 2002-03 | 3-3 | 2006-07 | 3.79.12.9 | കാർഷികോ പകരണങ്ങൾ വിതരണം ചെയ്തതിലേയും പരിപാലനത്തിലേയും അപാകതകൾ. (പൊതു പരാമർശം) | നില നിൽക്കുന്നു. |
| 2002-03 | 3-4 | 2006-07 | 3.79.14 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ – പൂർത്തിയായില്ല – ചെലവഴിച്ച പണം പാഴ്ച്ചെലവായി മാറുന്നു. (പൊതു പരാമർശം) | നില നിൽക്കുന്നു. |
| 2002-03 | 3-5 | 2006-07 | 3.79.13.6.110 | സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിക്കാത്തത് | നില നിൽക്കുന്നു. |
| -- | -- | 2014-15 | 4.3.2 | 60 വയസ്സ് പൂർത്തിയാകാത്തവർക്കും പെൻഷൻ | നില നിൽക്കുന്നു. |
| -- | -- | 2014-15 | 4.3.2.7 | അന്വേഷണ റിപ്പോർട്ട് ഇല്ലാതെ പെൻഷൻ നല്കി | നില നിൽക്കുന്നു. |
| -- | -- | 2014-15 | 4.3.2.16 | പെൻഷൻ മണിയോർഡർ തിരിച്ചടവ് | നില നിൽക്കുന്നു. |
| 2014-15 | 2-7 | 2016-17 | 1 അനുബന്ധം 3 | വസ്തു നികുതി അപാകതകൾ | നില നിൽക്കുന്നു. |
| 2014-15 | 2-8 | 2016-17 | 1 അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2017-18 | 2-1 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം – പോരായ്മകൾ | |
| 2019-20 | 1-7-1 | 2020-21 | അനുബന്ധം 1-1 | പെൻഷൻ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71954301 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68965063 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35299 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18,600 | ശ്രീ. സുവീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 16,699 | ശ്രീ. സുവീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുവീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത് | തെക്കെ തനവിലത്ത്, നടക്കുതാഴെ, പി. ഒ. വടകര |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.കെ.കെഡി. എസ്/1198 തീയതി-30.11.2009 | 6 | 28, 34, 37(2), 50(1), 52എ(1), 52ബി(1), |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി6/ 1073/2009 തീയതി 05.12.2009 | 5 | 3-3, 3-4, 3-5, 3-7, 3-9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി6/ 1132/2010 തീയതി 28.10.2010 | 10 | 2-3, 2-4, 2-5, 2-7, 2-12, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-10, 3-11, 3-12 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി6/ 20/2012 തീയതി 18.04.2012 | 18 | 2-1, 2-2, 2-6, 3-1, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-12, 3-13, 3-14, 3-15, 3-16, 3-17, 4-2 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി6/ 1523/2012 തീയതി 16.11.2012 | 24 | 1-1, 1-5, 1-6, 1-7, 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8,3-9, 3-10, 3-11, 3-12, 4-3, 4-6, 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി6/ 782/2013 തീയതി 19.07.2013 | 20 | 1-2, 1-4, 2-1, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8,3-9, 3-10, 3-11, 3-12, 3-13 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി6/ 1300/13 തീയതി 25-10-13 | 33 | 1-5, 1-6, 2-1, 2-2, 2-3, 2-4, 2-5, 2-6, 3-3, 3-4, 3-6, 3-8,3-9, 3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 4-2, 4-5, 4-6 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി6/ 1427/2014(1) തീയതി05.02.2015 | 20 | 2-1(1), 2-2(1), 2-2(2), 3-1, 3-2(2), 3-3, 3-4, 3-5, 3-7, 3-8, 3-10, 3-11,3-12,3-13, 4-1, 4-2, 4-6, 4-7, 4-8, 4-11 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി6/ 1275/2016 തിയതി – 21.07.2015 | 18 | 2-1, 2-2, 2-3, 2-4, 2-5, 2-7, 2-8, 2-9, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-12, 3-13, 3-14, 3-16 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി6/ 748/2017 തീയതി 05.06.2017 | 24 | 2-1, 2-2, 2-3, 2-4, 2-5, 2-6,2-7, 3-2, 3-4, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി6/ 178/2017 തിയതി.22.09.2017 | 13 | 2-1(1,2,3,4), 2-2(1), 2-3(1), 2-5(1), 2-5(2), 2-5(4), 2-6, 2-7(1,2,3,4), 3-1(1,2,3,4), 3-6, 3-7, 3-8, 4-9 |
| 2017-18 | കെ.എസ്.എ.കെ.ഡി./പി6/ 1157/2019 തിയതി-26.07.2019 | 14 | 1-12(1), 1-12(2), 2-1(1), 2-1 (1 To 11), 2-3(1), 2-3(3), 2-4(3ഡി), 3-1, 3-1(3), 3-3, |

| | | | |
|---|---|---|---|
| | | | 3-4, 3-5, 3-6 (സി), 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി4/ 1269/2020 തിയതി-14.01.2021 | 7 | 1-3, 1-7, 1-10, 1-12, 1-13, 1-15, 1-16 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി4/ 1003/2021തിയതി-17-11-2021 | 15 | 1-2-1,1-4-1,1-7-1,1-9,1-10,1-11, 1-13,1-14,1-15,1-16, 1-19,1-23,2-1,2-2,3-1, |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്